## ശ്രീനാരായണ കോളേജ്, നാട്ടിക

## ക്വട്ടേഷൻ നോട്ടീസ്

നാട്ടിക ശ്രീനാരായണ കോളേജിനോടനുബന്ധിച്ച് നടത്തിവരുന്ന കാന്റീൻ ...2025..... ജനുവരി ഒന്നാം തിയ്യതി മുതൽ .2025... ഡിസംബർ 31-ാം തിയ്യതി വരെയുള്ള കാലയളവിലേക്ക് താഴെ പറയുന്ന വ്യവസ്ഥകൾ പ്രകാരം തൃപ്തികരമായി നടത്തുന്നതിന് പരിചയമുള്ള കോൺട്രാക്ടർമാരിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു കൊള്ളുന്നു.

### വ്യവസ്ഥകൾ

1. കോളേജ് വക കാന്റീൻ മുറികളും മറ്റും ഉപയോഗിച്ച് കാന്റീൻ നടത്തുന്നതിന് കൂടുതൽ വാടക തരുവാൻ തയ്യാറുള്ള കോൺട്രാക്ടർ Rs. 300/-(മുന്നൂറ് രൂപ മാത്രം) നിരതദ്രവ്യം സഹിതം ക്വട്ടേഷൻ ബോധിപ്പിച്ചുകൊള്ളേണ്ടതാണ്.
2. ക്വട്ടേഷനുകൾ ഡിസംബർ 19..... ന് 3 മണിക്ക് മുമ്പായി കോളേജ് ഓഫീസിൽ ലഭിച്ചിരിക്കണം. ക്വട്ടേഷനുകൾ അന്നു വൈകുന്നേരം 3 മണിക്ക് ഹാജരുള്ള കോൺട്രാക്ടർമാരുടെ സാന്നിദ്ധ്യത്തിൽപൊട്ടിച്ചു പരിശോധിക്കുന്നതാണ്.
3. ടെണ്ടറുകൾ സ്ഥിരപ്പെടുത്തുന്നത് കൊല്ലം ശ്രീനാരായണ ട്രസ്റ്റ് മാനേജരുടെ തീരുമാനത്തിന് വിധേയമായിരിക്കും. കാരണം പറയാതെ ക്വട്ടേഷനുകൾ നിരസിക്കുന്നതിനുള്ള പൂർണ്ണ അധികാരം ട്രസ്റ്റ് മാനേജരിൽ നിക്ഷിപ്തമായിരിക്കും
4. ക്വട്ടേഷൻ സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ കാന്റീൻ തൃപ്തികരമായി നടത്തുന്നതിന്റെ ഉറപ്പിലേക്കായി മൂന്നുമാസത്തെ വാടക ഡെപ്പോസിറ്റായി മുൻകൂർ കെട്ടിവെയ്ക്കേണ്ടതും അതോടൊപ്പം 200/- (ഇരുന്നൂറ് രൂപ മാത്രം) രൂപയുടെ മുദ്രപത്രത്തിൽ ഒരു ഉടമ്പടി എഴുതിവെയ്ക്കേണ്ടതുമാണ്. ഡെപ്പോസിറ്റായി കെട്ടിവെയ്ക്കുന്ന മൂന്നുമാസത്തെ വാടക കരാർ തീരുന്ന മുറയ്ക്ക് മടക്കികൊടുക്കുന്നതാണ്.
5. താഴെ കൊടുത്തിരുക്കുന്ന ആഹാര സാധനങ്ങൾ അളവിലും തൂക്കത്തിലും യാതൊരു വ്യത്യാസവും കുടാതെ കോളേജ് വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കും നൽകുവാൻ ഉദ്ദേശിക്കുന്ന വില ഓരോ ഇനത്തിനും പ്രത്യേകം പ്രത്യേകം കാണിച്ചിരിക്കണം
6. കാന്റീൻ നടത്തിപ്പിനു വേണ്ടി വരുന്ന കറന്റ് ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നിവ കോൺട്രാക്ടർമാർ വഹിക്കേണ്ടതാണ്. കാന്റീൻ കെട്ടിടത്തിന്റെ പൂർണ്ണ ഉത്തരവാദിത്വം കോൺട്രാക്ടർമാരിൽ നിക്ഷിപ്തമാണ്.
7. പ്രതിമാസ വാടക ഇനമായി നൽകുവാൻ ഉദ്ദേശിക്കുന്ന തുകയും ക്വട്ടേഷനിൽ പ്രത്യേകം കാണിച്ചിരിക്കണം.
8. ഈ ലിസ്റ്റിൽ ഉൾപ്പെടുത്താത്ത ഏതെങ്കിലും ആഹാര സാധനങ്ങൾ കാന്റീനിൽ നിന്നും വിതരണം ചെയ്യുവാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ആയത് പ്രിൻസിപ്പാളിന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങേണ്ടതാണ്.
9. കാന്റീൻ നടത്തിപ്പ് കോളേജ് പ്രിൻസിപ്പാളിന്റെ നിർദ്ദേശത്തിനും, പരിശോധനയ്ക്കും വിധേയമായി നിർവഹിക്കേണ്ടതാണ്.
10. ഇതിനെ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ കോളേജ് പ്രിൻസിപ്പാളിൽ നിന്നോ, കൊല്ലം ശ്രീനാരായണ ട്രസ്റ്റ് ഓഫീസിൽ നിന്നോ അറിയാവുന്നതാണ്.

ശ്രീനാരായണ കോളേജ്
പിൻ.680 566
നാട്ടിക

Scanned with CamScanner

**<u>ക്വട്ടേഷനിൽ ഉൾപ്പെടുത്തേണ്ട ആഹാരസാധനങ്ങളുടെ ഇനവും തൂക്കവും</u>**

| | | | |
|---|---|---|---|
| 1. | ചായ | - | 6 ഔൺസ് |
| 2. | കാപ്പി | - | 6 ഔൺസ് |
| 3. | ദോശ | - | 50 gram |
| 4. | ഇഡ്ഢലി | - | 50 gram |
| 5. | പരിപ്പുവട | - | 50 gram |
| 6. | അപ്പം | - | 50 gram |
| 7. | കായവട | - | 50 gram |
| 8. | പഴംപൊരി | - | 50 gram |
| 9. | ബോണ്ട | - | 50 gram |
| 10. | ഉഴുന്നുവട | - | 50 gram |
| 11. | ഉണ്ണിയപ്പം | - | 50 gram |
| 12. | പൊറോട്ട | - | 50 gram |
| 13. | ഉപ്പുമാവ് | - | 100 gram |
| 14. | ചോറ് | - | 600 gram |

സാദാ മൽസ്യക്കറി, സാമ്പാർ, പുളിശ്ശേരി, രസം, മോര് എന്നിവ ഒന്നിടവിട്ട ദിവസങ്ങളിൽ വിതരണം ചെയ്യണം. പപ്പടം, ഉപ്പിലിട്ടത്, രണ്ടുതരം കറികൾ ( അവിയൽ, തോരൻ, പച്ചടി, ഓലൻ എന്നിവയിൽ ഏതെങ്കിലും രണ്ടെണ്ണം)

11. ഊണിന് മൽസ്യം ഉൾപ്പെടെ സ്പെഷ്യൽ കറികൾ ആകാം. മറ്റുള്ള ആഹാര പദാർത്ഥങ്ങളുടെ വിവരങ്ങൾ കോൺട്രാക്ടർമാർക്ക് ടെണ്ടറിൽ ഉൾപ്പെടുത്താവുന്നതാണ്.
12. ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നയാൾ പഞ്ചായത്ത് ലൈസൻസ് അവരവരുടെ ഉത്തരവാദിത്വത്തിൽ എടുക്കേണ്ടതാണ്.
13. ***<u>ക്വട്ടേഷനിൽ കാണിച്ചിട്ടുള്ള നിരക്കിൽ ആഹാരസാധനങ്ങളുടെ വില കാലാവധി കഴിയുന്നതിനു മുമ്പ്കൂട്ടുവാൻ പാടുള്ളതല്ല.</u>***

തിയ്യതി..
9-12-24

പ്രിൻസിപ്പാൾ
എസ്.എൻ കോളേജ്, നാട്ടിക

PRINCIPAL
Sree Narayana College
Nattika

ശ്രീനാരായണ കോളേജ്
പിൻ 680 566
നാട്ടിക

പകർപ്പ്

1. നോട്ടീസ് ബോർഡ്
2. നാട്ടിക ജംഗ്ഷൻ
3. നാട്ടിക വില്ലേജ് ഓഫീസ്
4. നാട്ടിക പഞ്ചായത്ത് ഓഫീസ്
5. നാട്ടിക ബസ്സ്റ്റാന്റ്

Scanned with CamScanner